## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3321 — 19.10.2016-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ ആശ്വാസനിധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി. ഗീതാഗോപി**<br>**ശ്രീ. ഇ.കെ. വിജയൻ**<br>**ശ്രീമതി. സി.കെ. ആശ** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണ പദ്ധതിയിലുൾപ്പെട്ട പട്ടികവർഗ്ഗ ആശ്വാസനിധിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതാണ് പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി. പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാന ദായകനായ വ്യക്തി അപകടമരണത്തിന് ഇരയാകുക, ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയവയ്ക്കുള്ള ചികിത്സ വേണ്ടിവരിക, തീപിടിത്തം മൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭം മൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക തുടങ്ങിയ സാഹചര്യങ്ങളിൽ സമാശ്വാസ ധനസഹായം അനുവദിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |
| ബി) | ഈ പദ്ധതി പ്രകാരം എന്തൊക്കെ കാര്യങ്ങൾക്കാണ് സാമ്പത്തിക സഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | വരുമാന ദായകനായ വ്യക്തിയുടെ അപകടമരണത്തിന് 50,000/- രൂപ വരെയും, മാരക രോഗങ്ങളുടെ ചികിത്സക്കായി 1 ലക്ഷം രൂപ വരെയും, തീപിടിത്തം, പ്രകൃതിക്ഷോഭം തുടങ്ങിയ സന്ദർഭങ്ങളിൽ 50,000/- രൂപ വരെയും ഈ ഇനത്തിൽ ധനസഹായം നൽകിവരുന്നു. |
| സി) | ഈ വർഷം എത്ര ഗുണഭോക്താക്കളെയാണ് പദ്ധതി യിൽ ഉൾപ്പെടുത്തുന്നതെന്ന് അറിയിക്കുമോ? | സി) | ചികിത്സ ആവശ്യമായ എല്ലാ പട്ടികവർഗ്ഗക്കാരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ